2. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, പെരിങ്ങമ്മല, ഇടിഞ്ഞാർ, ആനപ്പാറ എന്നീ സ്ഥലങ്ങളിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് ഈറ സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ ഈറത്തൊഴിലാളികൾക്ക് പാസ് ബുക്ക്, റിക്കാർഡ് ഇവ സൂക്ഷിച്ചുകൊണ്ട് ഹെഡ്‌ലോഡ് പാസ് നൽകാനും മറ്റു സ്ഥലങ്ങളിൽ ഇപ്പോഴത്തെ നിലവിലുള്ള സംവിധാനം തുടരാനും തീരുമാനിച്ചു.

3. Miteria Climber നശിപ്പിക്കാനുള്ള അടിയന്തിര നടപടി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനും ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറും ചേർന്ന് സ്വീകരിക്കുക.

4. ഈറ ശേഖരിച്ചതിനുശേഷം ബാക്കിവരുന്ന ഉപയോഗമില്ലാത്ത ഈറ പഴപ്പുണ്ടാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ശേഖരിച്ച് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറിന് നൽകുക.

(ബി) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിലെ പരുത്തിപ്പള്ളി, പാലോട്, കുളത്തൂപ്പുഴ എന്നീ റെയിഞ്ചുകളിൽ നിന്നും തലച്ചുമടായി ഈറ ശേഖരിച്ചുകൊണ്ടുപോകുന്നതിന് ബാംബൂ കോർപ്പറേഷൻറെ തിരിച്ചറിയൽ കാർഡുള്ളവരെ വനപാലകർ അനുവദിക്കാറുണ്ട്. ഈറത്തൊഴിലാളികളെ തടയുന്ന സംഭവം ഉണ്ടായിട്ടില്ല.

(സി) സർക്കാർ വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിൻറെ ഭാഗമായി 24-1-1990-ൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)ൻറെ അദ്ധ്യക്ഷതയിൽ ബാംബൂകോർപ്പറേഷൻഎം.ഡി. യും ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് എം. ഡി. യുമായി ചർച്ച നടത്തുകയും കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തൃശ്ശൂർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് എന്നിവയിൽനിന്നും ഓരോ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ബാംബൂ കോർപ്പറേഷനും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറിനും ഈറ നൽകുന്നതുസംബന്ധിച്ച് ഇവയുടെ ലഭ്യത, സ്ഥലം ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

തിരുനെല്ലി കോളനികളിലേക്ക് വൈദ്യുതി

61. [1547.] ശ്രീ. എം.നാരായണൻ (കുഴൽമന്ദം): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽപ്പെട്ട തിരുനെല്ലിയിലെ അപ്പപ്പാറ, അരണപാറ, തോൽപ്പെട്ടി എന്നീ ഹരിജൻ ഗിരിജൻ കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി വനംവകുപ്പിൻറെ അനുമതിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) വനംവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വനംവകുപ്പ് സംസ്ഥാനത്തിന് കത്ത് നൽകിയിട്ടുണ്ടോ ;

(ഡി) സംസ്ഥാന വനംവകുപ്പ് അതിനു മറുപടി നൽകിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. അനുമതി നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

യൂറിൻഷെഡ് നിർമ്മാണം

62. [1548] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് ചുള്ളിമാനൂർ ജംഗ്ഷനിൽ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ വനം വകുപ്പ് നിർദ്ദേശിക്കുന്ന സ്ഥലത്ത് ഒരു യൂറിൻഷെഡ് നിർമ്മിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വനംവകുപ്പ് ഇത്തരം പണികൾ ഏറെടുക്കാറില്ല.

ഗ്രാമ വികസന വകുപ്പിൽ ജോയിന്റ് ബി. ഡി. ഒ. തസ്തിക

63. [1549] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ബി. ഡി. ഒ. തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ എന്തു തുക പ്രതിവർഷം അധിക ചെലവു വരും ;

(സി) ഇതിൽ എത്ര തുക കേന്ദ്രം വഹിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിൽ ജോയിന്റ് ബി.ഡി.ഒ. തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം പല ശോധിക്കുകയും ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് നേരത്തെ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ പുനഃപരിശോധിക്കണമെന്ന ജീവനക്കാരുടെ ആവശ്യം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കണക്ക് എടുത്തിട്ടില്ല.

(സി) ഉദിക്കുന്നില്ല.

സംയോജിത ഗ്രാമവികസന പദ്ധതിയുടെ പുരോഗതി

64. [1550] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സംയോജിത ഗ്രാമവികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly